# പ്ലാച്ചിമട നഷ്ടപരിഹാരം : വിദഗ്ധ സമിതിക്ക് നിയമപരിരക്ഷയില്ല

കൊക്കക്കോള കമ്പനിയുടെ അമിതജല ചൂഷണം മൂലം പ്ലാച്ചിമടക്കാർക്കുണ്ടായ ദുരിതത്തിന് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ രൂപവത്ക്കരിച്ചത് നിയമപരിരക്ഷയില്ലാത്ത വിദഗ്ധ സമിതി. നിലവിലുള്ള നാഷണൽ എൻവിയോൺമെന്റ് ട്രൈബ്യൂണൽ ആക്ടിന്റെ പരിധിയിൽ വരാത്ത വിദഗ്ധ സമിതിക്ക് കേവലം പഠനം നടത്താൻ കഴിയുമെങ്കിലും നിയമസാധുത ഉണ്ടാവില്ലെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

ആഗോള ശ്രദ്ധപിടിച്ചു പറ്റി കോള വിരുദ്ധ സമരം തുടരുകയാണെങ്കിലും പ്ലാച്ചിമടയിലെ പ്ലാന്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. എന്നാൽ കമ്പനിയുടെ പ്രവർത്തനം മൂലം ഈ പ്രദേശത്ത് അപരിഹാര്യമായ നഷ്ടമാണ് ഉണ്ടായത്. പ്രദേശവാസികൾ നഷ്ടപരിഹാര നിർദ്ദേശങ്ങൾ മൂന്ന് മാസത്തിനകം സമർപ്പിക്കണമെന്നാവശ്യപ്പെട്ടാണ് കാർഷികോത്പാദന കമ്മീഷണർ കെ ജയകുമാർ ചെയർമാനായി ജലവിഭവവകുപ്പ് വിദഗ്ധ സമിതിയെ നിയോഗിച്ചത്.

ബന്ധപ്പെട്ട വകുപ്പ് പ്രതിനിധികൾ ഇതിൽ അംഗങ്ങളാണെങ്കിലും നഷ്ടപരിഹാരം കൊടുക്കുന്നതിനെപ്പറ്റി വ്യക്തമായ നിർദ്ദേശങ്ങൾ സമിതിക്ക് ലഭിച്ചിട്ടില്ല.

കോളകമ്പിനിക്കെതിരെ സുപ്രീം കോടതിയിൽ വരെ കേസ് നടത്തുന്ന പെരുമാട്ടി ഗ്രാമ പഞ്ചായത്തിന്റെ പ്രതിനിധികൾ സമിതിയിൽ ഇല്ല. മൃഗസംരക്ഷണം, കൃഷി, ജലവിഭവം തുടങ്ങിയ വകുപ്പുകളുടെ പ്രതിനിധികൾ ഉണ്ടെങ്കിലും തദ്ദേശസ്വയംഭരണ വകുപ്പിന് ഇതിൽ പ്രാതിനിധ്യം നൽകിയിട്ടില്ല.

നിയമപരിരക്ഷ നൽകുന്നതുൾപ്പടെയുള്ള കാര്യങ്ങളിൽ സർക്കാരിന് മാത്രമെ തീരുമാനമെടുക്കാനാവൂ എന്ന നിലപാടിലാണ് വിദഗ്ധ സമിതി.

പരിസ്ഥിതി നാശത്തിനും കമ്പനികളുടെ പ്രവർത്തനം മൂലമുണ്ടാകുന്ന ദുരിതത്തിനും നഷ്ടപരിഹാരം ലഭ്യമാക്കാൻ നിയമസാധുതയുള്ള സംവിധാനം മറ്റ് പല സംസ്ഥാനങ്ങളിലും നിലവിലുണ്ട്. തമിഴ്നാട്ടിൽ ഇതിനായി പ്രത്യക അതോറിറ്റി വരെയുണ്ടെന്ന് പരിസ്ഥിതി പ്രവർത്തകർ ചൂണ്ടിക്കാട്ടുന്നു.

പ്ലാച്ചിമടയിലെ ദുരിതം കണക്കിലെടുത്ത് കോള കമ്പിനിക്കെതിരെ കഴിയുമെന്ന് നിയമജ്ഞരും പറയുന്നു. എന്നാൽ, ഇതടക്കമുള്ള കാര്യങ്ങളിൽ സർക്കാർ ഇതുവരെ നിലപാട് വ്യക്തമാക്കിയിട്ടില്ല.

---

# പ്ലാച്ചിമട : കോള കമ്പിനിക്കെതിരായ നീക്കം അട്ടിമറിക്കാൻ മലിനീകരണ നിയന്ത്രണ ബോർഡ് ശ്രമം

എൻ.പി. ജിഷാർ

പ്ലാച്ചിമടയിൽ കൊക്കകോള കമ്പിനി സൃഷ്ടിച്ച ഗുരുതര പ്രത്യാഘാതങ്ങളുടെ പേരിൽ കമ്പിനിക്കെതിരെ നടപടിയെടുക്കാനുള്ള ശ്രമങ്ങൾ അട്ടിമറിക്കാൻ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ശ്രമം. നഷ്ടം തിട്ടപ്പെടുത്താൻ രൂപീകരിച്ച സമിതിയിൽ കമ്പിനിക്കെതിരായ നീക്കങ്ങൾ ദുർബലപ്പെടുത്തുന്ന നിർദ്ദേശങ്ങളുമായി ബോർഡ് പ്രതിനിധി രംഗത്തെത്തി. എന്നാൽ ഏതാനം അംഗങ്ങളുടെയും ചെയർമാൻ കെ. ജയകുമാറിന്റെയും ഉറച്ച നിലപാടിനെ തുടർന്ന് ബോർഡ് നിർദ്ദേശം യോഗത്തിൽ പരിഗണിക്കപ്പെട്ടിട്ടില്ല.

വിദഗ്ധ സമിതി യോഗത്തിൽ പങ്കെടുത്ത ബോർഡ് പ്രതിനിധിയാണ് സംശയാസ്പദമായ നിലപാടുകൾ അവതരിപ്പിച്ചത്. പ്ലാച്ചിമടയിൽ കോള കമ്പിനിയുടെ പ്രവർത്തനം മൂലം എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടോ എന്ന് വിശദമായ പഠനം നടത്തേണ്ടതുണ്ടെന്നും അതിന് ഡൽഹി ആസ്ഥാനമായ ദി എനർജി ആന്റ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിനെ (തേരി) ചുമതലപ്പെടുത്തണമെന്നുമായുരുന്നു ആവശ്യം. കൊക്കകോള തന്നെ പണം മുടക്കി നിലനിർത്തുന്ന സ്ഥാപനമാണ് തേരി. നേരത്തെ ഇന്ത്യയിലെ വിവിധ കൊക്കകോള പ്ലാന്റുകളെക്കുറിച്ച് തേരി തയ്യാറാക്കിയ റിപ്പോർട്ടിൽ കാർഷികാവശ്യത്തിന് വെള്ളം ഉപയോഗിച്ചതുകൊണ്ടും പ്ലാച്ചിമടയിൽ ഭൂഗർഭജലം കുറഞ്ഞിക്കാമെന്ന് അഭിപ്രായപ്പെട്ടിരുന്നു.

പെപ്സിയും ഇവരുടെ സ്പോൺസറാണ്. ഇന്ത്യയിൽ പരിസ്ഥിതി പ്രവർത്തനങ്ങളും പഠനങ്ങളും നടത്താനായി വൻകിട കമ്പിനികൾ ഏർപ്പാടാക്കിയിട്ടുള്ള ഏജൻസിയാണിത്. ലോകബാങ്ക്, എ.ഡി.ബി, യൂറോപ്യൻ യൂണിയൻ, യു.എസ് എയ്ഡ്, സിഡ തുടങ്ങിയ സാമ്പത്തിക സ്ഥാപനങ്ങളും ഫോർഡ്, റോക്ക്ഫെല്ലർ തുടങ്ങിയ ഫൗണ്ടേഷനുകളും തേരിക്ക് പണം നൽകുന്നുണ്ട്. ഈ സ്പോൺസർമാരുടെ പൊതുസ്വഭാവം തന്നെ തേരിയുടെ രാഷ്ട്രീയം വ്യക്തമാക്കുന്നതാണ്. ഇന്ത്യയിലെ ആറ് കോള പ്ലാന്റുകളെക്കുറിച്ച് നേരത്തെ പഠനം നടത്തിയ തേരി അതിൽ നിന്ന് പ്ലാച്ചിമടയെ ഒഴിവാക്കിയിരുന്നു. കമ്പിനി ഇപ്പോൾ പ്രവർത്തനക്ഷമമായില്ലെന്ന കാരണം പറഞ്ഞായിരുന്നു ഇത്. എന്തുകൊണ്ട് പ്രവർത്തിക്കുന്നില്ല എന്നുപോലും പരാമർശിക്കാത്ത റിപ്പോർട്ടിലാണ് കാർഷികാവശ്യങ്ങളും ജലദൗർലഭ്യത്തിന് കാരണമാകാമെന്ന് കണ്ടെത്തിയത്. കമ്പിനിക്കെതിരെ നടപടികൾക്ക് ശ്രമങ്ങൾ നടക്കുകയും നഷ്ടപരിഹാരം ഈടാക്കേണ്ടതുണ്ടെന്ന നിലപാട് സർക്കാർ പോലും തത്വത്തിൽ അംഗീകരിക്കുകയും ചെയ്യ്തിരിക്കെ സർക്കാരിന്റെ തന്നെ മറ്റൊരു ഏജൻസി, കമ്പിനി അനുകൂല വാദങ്ങൾ ഉയർത്തിയത് ദുരൂഹമാണ്. പ്ലാച്ചിമട വിഷയത്തിൽ നേരത്തെതന്നെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിലപാടുകൾ വിവാദമായിട്ടുണ്ട്.

*(മാധ്യമം ദിനപത്രം)*